കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2009-2010 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം തടസ്സപ്പെടുത്തിയ 7,63,720/- രൂപാ (ഏഴ് ലക്ഷത്തി അറുപത്തിമൂവായിരത്തി എഴുനൂറ്റിയിരുപത് രൂപാ മാത്രം) രൂപായുടെ ചെലവിന് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ).നം.3887/2015/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി,29.12.2015

---

പരാമർശം : 1. കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 05.12.2014 – തിയതിയിലെ എ 3 – 6578/14 നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 20.07.2015 – തിയതിയിലെ എം3/21987/15 നമ്പർ കത്ത്

3. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.11.2015 – തിയതിയിലെ എൽ.എഫ്.10352/പി.റ്റി3/15 നമ്പർ കത്ത്

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമ പഞ്ചായത്തിലെ 1 മുതൽ 9 വരെയുള്ള ക്ലാസുകളിലെ എസ്.സി.വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് സർക്കാരിൽ നിന്നും അനുമതി ലഭ്യമാകാതെ സബ്സീഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഫർണീച്ചർ വാങ്ങി നൽകുന്നതിനായി 7,63,720/- രൂപാ (ഏഴ് ലക്ഷത്തി അറുപത്തിമൂവായിരത്തി എഴുനൂറ്റിയിരുപത് രൂപാ മാത്രം) ചെലവഴിച്ച പഞ്ചായത്തിന്റെ നടപടി 2009-2010 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. എന്നാൽ പഞ്ചായത്ത് നടത്തിയ സർവെയുടെ അടിസ്ഥാനത്തിൽ എസ്.സി.വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ പഠന പുരോഗതിക്ക് മേശ, കസേര, അലമാര എന്നിവ ആവശ്യമായി കണ്ടിരുന്നതിനാലും പ്രസ്തുത തുക ദുരുപയോഗം ചെയ്തിട്ടില്ലായെന്ന് ഭരണ സമിതിക്ക് ബോധ്യപ്പെട്ടിരിക്കുന്നതിനാലും ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം തേടുന്നതിനായി പഞ്ചായത്ത് ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറും ഇക്കാര്യത്തിൽ സൂചന രണ്ട് കത്ത് പ്രകാരം അനുകൂല ശുപാർശ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ്

.............2

ഡയറക്ടർ പരാമർശം മൂന്ന് കത്ത് പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്..

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, പഞ്ചായത്ത് ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ എന്നിവരുടെ കത്തുകളിലെ വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ കൊടിയത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2009-2010 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം തടസ്സപ്പെടുത്തിയ എസ്.സി.വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് ഫർണീച്ചർ വാങ്ങി നൽകിയ ഇനത്തിലുള്ള 7,63,720/- രൂപാ (ഏഴ് ലക്ഷത്തി അറുപത്തിമൂവായിരത്തി എഴുനൂറ്റിയിരുപത് രൂപാ മാത്രം)) രൂപായുടെ ചെലവിന് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
കെ.ആർ.പഴനിയമ്മ
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
സെക്രട്ടറി, കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത്, കോഴിക്കോട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ